മലയാള മനോരമ

21 October 2022



# സമുദ്രമത്സ്യ ലഭ്യത: വിവരശേഖരണത്തിന് സിഎംഎഫ്ആർഐ സാങ്കേതികസഹായം

കൊച്ചി● ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ സമുദ്രമത്സ്യ ലഭ്യതയുടെ വിവരശേഖരണത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സാങ്കേതികസഹായം നൽകുന്നു. ഇതിനായി സിഎംഎഫ്ആർഐ വികസിപ്പിച്ച സോഫ്റ്റ്‌വെയർ അധിഷ്ഠിത രീതി ഉപയോഗിച്ചു തുടങ്ങി. പദ്ധതിയുടെ ഉദ്ഘാടനം ആൻഡമാൻ നിക്കോബാർ ഫിഷറീസ് വകുപ്പ് സെക്രട്ടറി ജി. സുധാകർ നിർവഹിച്ചു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ആൻഡമാൻ നിക്കോബാർ ഫിഷറീസ് ഡയറക്ടർ ഹർമിന്ദർ സിങ്, ജോയിന്റ് ഡയറക്ടർ ഡോ. കെ. ഗോപാൽ, സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജെ. ജയശങ്കർ എന്നിവർ പ്രസംഗിച്ചു.